


# നല്ല അയൽക്കാരൻ

(ലൂക്കാ 10:25 – 37) Vol. 10, Issue: 60

ബ്ര. ജൂഡ് കോയിപ്പറമ്പിൽ MCBS

**ന**മ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ആഴമായി ധ്യാനിക്കുന്ന ശ്ലീഹാക്കാലത്തിലെ 3-ാം ആഴ്ചയിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുന്നു. ഒരുപാടു തവണ കണ്ടും കേട്ടും ദൃശ്യാവിഷ്കാരങ്ങൾ നടത്തിയും മനസ്സിൽ ഒളിമങ്ങാതെ നിൽക്കുന്ന നല്ല സമരിയാക്കാരന്റെ ഉപ മയാണ് ഇന്ന് വിചിന്തനത്തിനായി തിരുസഭ നമുക്കു നൽകുന്നത്.

വചനവിചിന്തനം ആരംഭിക്കുമ്പോൾ, ആരാണ് എന്റെ അയൽക്കാരൻ എന്ന ചോദ്യം ഉന്നയിക്കുന്ന ഈ ചോദ്യകർത്താവ് ആരെന്ന് വ്യക്തമായി അറിഞ്ഞിരിക്കണം. ഈ ചോദ്യം ഉന്നയിക്കുന്നത് നിയമജ്ഞനാണ്. ആരാണ് നിയമജ്ഞൻ? നിയമങ്ങൾ വ്യക്തതയോടെ അറിയുന്നവനും കൃത്യതയോടെ വ്യാഖ്യാനിക്കുന്നവനുമാണ് നിയമജ്ഞൻ. ആരാണ് അയൽക്കാരൻ എന്നതിന്, സ്വന്തം സമുദായത്തിൽപ്പെട്ടവനാണ് എന്ന സ്വാഭാവിക ഉത്തരം അവനറിയാം. അതിനു പുറമേ, ഇസ്രായേൽ ജനം ഈജിപ്തിൽ പരദേശികളായി ജീവിതം ചെലവഴിച്ചതിനാൽ തങ്ങളുടെ ഇടയിൽ കഴിയുന്ന പരദേശികളെ പ്രത്യേകം പരിഗണിക്കണമെന്നതും ഈ നിയമജ്ഞനു വ്യക്തമായി അറിയാം.

സ്വന്തം മതത്തെ ഒറ്റിക്കൊടുക്കുന്നവരും വിള്ളൽ വീഴ്ത്തുന്നവരുമായ വ്യക്തികളും വിശ്വാസം ഉപേക്ഷിച്ച മതത്യാഗികളും അയൽക്കാരൻ എന്ന പദത്തിനു വെളിയിൽ നിൽക്കുന്നവരാണെന്ന് ഓരോ നിയമജ്ഞനും വിശ്വസിച്ചിരുന്നു. അതുപോലെ, ജെറുസലേം ദൈവാലയപരിസരം അസ്ഥിക്കഷണങ്ങൾ വിതറി പരിശുദ്ധസ്ഥലത്തെ അശുദ്ധമാക്കിയ സമരിയാക്കാർ ഒരുവിധത്തിലും അയൽക്കാരുടെ കൂട്ടത്തിൽ എണ്ണപ്പെടുകയില്ലായെന്നു സ്പഷ്ടം.

യഹൂദ നിയമജ്ഞർക്ക് സമരിയാക്കാരോടുള്ള അവജ്ഞ മനസ്സിലാക്കിക്കൊണ്ട് അവരെ തിരുത്തുവാനാണ് തന്റെ ഉപമയിൽ സമരിയാക്കാരനെ സദ്ഗുണസമ്പന്നനായി ഈശോ അവതരിപ്പിക്കുന്നത്. ഈ ഉപമയിലൂടെ ദൈവപുത്രൻ എന്നെയും നിങ്ങളെയും

പഠിപ്പിക്കുകയാണ്, നാം അവജ്ഞയോടും പുച്ഛത്തോടും കൂടി കാണുന്ന പലരിലും അനേകം നന്മകളുണ്ട് എന്ന്. അപരന്റെ ജീവിതത്തിലെ തിന്മകൾ മാത്രം കണ്ട് അവനെ വിധിച്ചുതള്ളുന്നത് എന്റെ ഇടുങ്ങിയ മനസ്സിന്റെ പ്രതിഫലനമാണെന്നു തിരിച്ചറിയാൻ നാം ഇനിയും വൈകിക്കൂടാ...

പുതിയനിയമത്തിൽ ദൈവസ്നേഹത്തിൽ നിന്ന് മാറ്റിനിർത്തി പരസ്നേഹത്തെയോ, പരസ്നേഹത്തിൽ നിന്നു മാറ്റിനിർത്തി ദൈവസ്നേഹത്തെയോ കുറിച്ച് ചിന്തിക്കാൻ സാധ്യമല്ലാതായിരിക്കുന്നു. ദൈവസ്നേഹത്തിൽ നിന്നാണ് പരസ്നേഹം ഉത്ഭവിക്കുന്നത്. പരസ്നേഹത്തിനുള്ള ശക്തി ലഭിക്കുന്നത് ദൈവസ്നേഹത്തിൽ നിന്നാണ്. ദൈവസ്നേഹത്തിന്റെ പ്രകടനഭാവമാണ് പരസ്നേഹം.

വി. പക്കോമിയൂസ്, തന്റെ ആശ്രമത്തിൽ കയറിയ കള്ളന് ധാന്യവും അവശ്യസാധനങ്ങളും എടുത്തുകൊടുത്തു. ഇതിനു സമാനമാണ് വി. വിൻസെന്റ് ഡി പോളിന്റെ ജീവിതത്തിൽ സംഭവിച്ചതും. ഒരിക്കൽ അദ്ദേഹത്തിന്റെ ആശ്രമത്തിൽ കയറിയ കള്ളനെ ആശ്രമവാസികൾ വഴക്കിട്ട് ഓടിച്ചു. വിൻസെന്റ് ഡി പോൾ പ്രതികരിച്ചത് ഇങ്ങനെയാണ്: “ഒരു ദൈവീകഭവനത്തിൽ ഒരു കള്ളൻ വന്നപ്പോൾ അവന് സ്നേഹാനുഭവം കിട്ടിയില്ലെങ്കിൽ ലോകത്തിൽ എവിടെച്ചെന്നാൽ അയാൾക്ക് സ്നേഹാനുഭവം കിട്ടും?” സ്നേഹം അതിർവരമ്പുകളെ ഭേദിച്ചിരിക്കുന്നു. കരുണയുടെ വറ്റാത്ത സാക്ഷ്യജീവിതങ്ങൾ കൊണ്ടുമാത്രമേ ക്രിസ്തുവിനെ നമുക്ക് ലോകത്തിൽ അവതരിപ്പിക്കുവാൻ സാധിക്കൂ.

സമറായൻ യഹൂദനോട് ഒന്നും സംസാരിക്കുന്നില്ല; പ്രവർത്തിക്കുന്നതേ ഉള്ളൂ. വാക്ക് കൊണ്ടല്ല പ്രവർത്തികൾ കൊണ്ടാണ് നിസ്സഹായർക്ക് ആശ്രയമാകേണ്ടതെന്ന് സുവിശേഷകൻ പറഞ്ഞുവയ്ക്കുന്നു. സമറായൻ ഏഴു പ്രവർത്തികൾ ചെയ്യുന്നുണ്ട്. മനസ്സലിഞ്ഞു, അടുത്തുചെന്നു, എണ്ണയും വീഞ്ഞുമൊഴിച്ചു, മുറിവ് വച്ചുകെട്ടി, കഴുതയുടെ പുറത്തു കയറ്റി സത്രത്തിൽ കൊണ്ടുചെന്നു പരിചരിച്ചു. സ്വന്തം യാത്രയ്ക്കു കരുതിയ എണ്ണയും വീഞ്ഞും പണവുമാണ് അയാൾ ചെലവഴിച്ചത്. സ്വന്തം സുഖവും സന്തോഷവും വെടിയാതെ ചെയ്യുന്ന സഹായങ്ങളൊന്നും ജീവകാരുണ്യ പ്രവർത്തിയല്ല.

കാരുണ്യത്തിന്റെ മാനുഷികവികാരം പൂണ്ട സമറായന് ക്രിസ്തുവിന്റെ മുഖവും മനസ്സുമുണ്ട്. അയൽക്കാരൻ ആരെന്നു കണ്ടെത്തണമെങ്കിൽ ക്രിസ്തുവിനോളം വിശാലമായ മനസ്സും അവിടുത്തെപ്പോലെ ആഴമായ കരുണയും വേണം. അപരന്റെ ചെറിയ തെറ്റുകൾ പോലും ക്ഷമിക്കുവാൻ സാധിക്കാത്ത നമുക്ക് ക്രിസ്തുവിന്റെ ഈ മാനുഷികവികാരത്തിലേയ്ക്ക് എത്തിച്ചേരുവാൻ ദൂരം ഏറെയാണ്.

നാം അർപ്പിക്കുന്ന വിശുദ്ധ ബലിയർപ്പണത്തിന്റെ ആമുഖശുശ്രൂഷയിൽ കർത്താവ് നൽകിയിട്ടുള്ള കൽപനകൾ അനുസ്മരിച്ചുകൊണ്ട് സമൂഹത്തെ ആദ്ധ്യാത്മികമായി ഒരുക്കുന്നുണ്ട് (അന്നാപ്പെസഹാ). നമുക്കു ലഭിച്ചിരിക്കുന്ന കൽപനയനുസരിച്ച് ഈ കുർബാന ആരംഭിക്കാം.

നമുക്കു ലഭിച്ചിരിക്കുന്ന കൽപന പരസ്പരം സ്നേഹിക്കുക, പരസ്പരം ക്ഷമിക്കുക, പരസ്പരം കരുണ കാണിക്കുക തുടങ്ങിയവയാണ്. ജീവിതയാത്രയിൽ തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ യേശുവേ, കരുണ തോന്നണമേ... എന്ന് പ്രാർത്ഥിക്കാം. ആരോടെങ്കിലും ക്ഷമിക്കാനുണ്ടെങ്കിൽ നമുക്ക് ക്ഷമിക്കാം. ചുറ്റുമുള്ളവരോട് കരുണ കാണിച്ച് സ്നേഹിക്കുവാനുള്ള ക്രിസ്തുവിന്റെ മാനുഷികവികാരം നമ്മുടെ ജീവിതത്തിലുമുണ്ടാകട്ടെ. നീതിന്യായപ്രമാണങ്ങൾക്കപ്പുറം അപരൻ നമുക്ക് നല്ലൊരു അയൽക്കാരനായിരിക്കട്ടെ. അയൽക്കാരന്റെ നിർവചനത്തെ മത-ഗോത്രബന്ധങ്ങളിലൊതുക്കിയ നിയമജ്ഞന്റെ നിലപാടിനെ തിരുത്തിയ ക്രിസ്തു, നമ്മളോരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ, ആമ്മേൻ.